## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ : 2841 20.07.2011 ന് മറുപടിക്ക്

# അടച്ചുപൂട്ടിയ തടിമില്ലുകൾക്ക് വീണ്ടും ലൈസൻസ്

==========================================

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. പി. അയിഷാ പോറ്റി:<br>ശ്രീ. ബി.ഡി. ദേവസ്സി:<br>ശ്രീ. എസ്. രാജേന്ദ്രൻ:<br>ശ്രീ. രാജു എബ്രഹാം: | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| എ) ഹൈറേഞ്ചുകളിൽ അനധികൃത തടികടത്തലുമായി ബന്ധപ്പെട്ട് വനം വകുപ്പ് അധികൃതർ അടച്ചുപൂട്ടിയ തടിമില്ലുകൾക്ക് വീണ്ടും ലൈസൻസ് നൽകുന്നതിന് ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; | എ) ഹൈറേഞ്ച് മേഖലകളിൽ ഉൾപ്പെടെ അടച്ചുപൂട്ടിയ തടിമില്ലുകൾക്ക് ബഹു. സുപ്രീം കോടതിയുടെയും സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെയും നിബന്ധനകൾക്ക് വിധേയമായിട്ടാണ് എൻ.ഒ.സി. നൽകുന്ന കാര്യം പരിഗണിച്ചുവരുന്നത്. |
| ബി) എങ്കിൽ ഇവ പുനരാരംഭിക്കുക വഴി അനധികൃതമായ തടികടത്തലിന് വീണ്ടും ഇടനൽകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) തടിമില്ലുകളിൽ അനധികൃത തടികടത്തൽ ഉണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ നിയമപരമായ നടപടി സ്വീകരിച്ചുവരുന്നു. ആയതിനാൽ എൻ.ഒ.സി. കൊടുക്കുന്നത് അനധികൃത തടികടത്തിന് ഇടയാക്കും എന്ന് കരുതാനാവില്ല. |
| സി) ഇത്തരം നീക്കം തടയുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ? | സി) അനധികൃത തടികടത്തൽ തടയുന്നതിന് ഉദ്യോഗസ്ഥൻമാർ ജാഗ്രത പുലർത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ